ഭരണഭാഷ-മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം
dtekerala@gmail.com
0471 2561307

മേലെഴുത്ത് നമ്പർ : **DTETVM/8646/2026-EA2** തീയതി: **21-10-2026**
(EA)

സമാശ്വാസ തൊഴിൽദാന പദ്ധതി മുഖേന ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് ഇതുവരെ നിയമനം ലഭിക്കാത്തവർക്ക് അവരുടെ നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതവും, അർഹവുമായ തസ്തികകൾ തിരഞ്ഞെടുക്കുന്നതിന് ഒറ്റത്തവണ അവസരം നൽകുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ സ.ഉ.(അച്ചടി)നം.**15/2026/P&ARD** തീയതി:**14-09-2026** നമ്പർ സർക്കാർ ഉത്തരവ് അറിവിലേക്കും, തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

Digitally signed by
Sumesh Kumar C
Date: 21-10-2026
22:07:30

SUMESH KUMAR.C
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

വകുപ്പിലെ എല്ലാ സ്ഥാപന മേധാവികൾക്കും,ജീവനക്കാർക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തിരം)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് – സമാശ്വാസ തൊഴിൽദാന പദ്ധതി – ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് ഇതുവരെ നിയമനം ലഭിക്കാത്തവർക്ക് അവരുടെ നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതവും അർഹവുമായ തസ്തികകൾ തിരഞ്ഞെടുക്കുന്നതിന് ഒറ്റത്തവണ അവസരം നൽകുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്-ബി) വകുപ്പ്

സ.ഉ.(അച്ചടി) നം.15/2026/P&ARD തീയതി,തിരുവനന്തപുരം, 14-09-2026

പരാമർശം:- 1. സ.ഉ.(അച്ചടി) നം.4/2025/പി&എ.ആർ.ഡി, തീയതി 29/03/2025

2. സ.ഉ.(അച്ചടി) നം.15/2025/പി&എ.ആർ.ഡി, തീയതി 09/11/2025

ഉത്തരവ്

സംസ്ഥാന സർക്കാർ സർവീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകുന്നതിനുള്ള നിലവിലുള്ള വ്യവസ്ഥകൾ പരിഷ്ക്കരിച്ചുകൊണ്ടു പുതുക്കിയ ഉത്തരവ് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് കാര്യക്ഷമമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സ്പഷ്ടീകരണം നൽകിക്കൊണ്ട് പരാമർശം (2) ഉത്തരവും പുറപ്പെടുവിച്ചിരുന്നു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് ഇതുവരെ നിയമനം ലഭിക്കാത്ത അപേക്ഷകർക്ക് അവരുടെ നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതവും അർഹവുമായ തസ്തികകൾ ഓപ്റ്റ് ചെയ്യുന്നതിന് ഒറ്റത്തവണ അവസരം നൽകുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ നിയമനത്തിന് പരിഗണിക്കുന്നതിനും പരാമർശം (1)-ലെ ഉത്തരവിന്റെ ഖണ്ഡിക XX(3) പ്രകാരം, വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (2)-ലെ ഉത്തരവിന്റെ ഖണ്ഡിക VIII പ്രകാരം പ്രസ്തുത വ്യവസ്ഥയ്ക്ക് വ്യക്തത നൽകുകയും ചെയ്തിട്ടുണ്ട്.

2) എന്നാൽ മേൽ വ്യവസ്ഥ പ്രകാരം, അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിശ്ചിത സമയപരിധിക്കുശേഷം നേടിയ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികകൾ ഓപ്റ്റ് ചെയ്തുകൊണ്ട് ലഭിക്കുന്ന അപേക്ഷകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വിവിധ ഭരണവകുപ്പുകൾ വ്യക്തത ആവശ്യപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണ വകുപ്പുകൾ നിയമനാനുമതി നല്കിക്കഴിഞ്ഞതോ/അർഹത നിശ്ചയിക്കുന്നത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടും ഈ ഉത്തരവ് തീയതി വരെ നിയമനം ലഭിക്കാത്തതുമായ അപേക്ഷകർക്ക് അവരുടെ നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്കനുസൃതവും അർഹവുമായ തസ്തികകൾ തിരഞ്ഞെടുക്കുന്നതിന് ഒറ്റത്തവണ അവസരം നൽകുന്നതുമായി ബന്ധപ്പെട്ട് പരാമർശം (1)-ലെ

ഉത്തരവിലെ ഖണ്ഡിക XX(3),XX(4) എന്നിവയിൽ നല്കിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരം വ്യക്തത നൽകി ഉത്തരവാകുന്നു:-

I. ഭരണ വകുപ്പുകൾ നിയമനാനുമതി നല്കിക്കഴിഞ്ഞതോ/അർഹത നിശ്ചയിക്കുന്നത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടും ഈ ഉത്തരവ് തീയതി വരെ നിയമനം ലഭിക്കാത്തതുമായ അപേക്ഷകർക്ക് അവരുടെ നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതവും അർഹവുമായ 5 തസ്തികകൾ വരെ ഓപ്റ്റ് ചെയ്യുന്നതിന് ഒറ്റത്തവണ അവസരം നല്കേണ്ടതാണ്. എന്നാൽ വാലിഡ് ആപ്ലിക്കേഷൻ തീയതിയിൽ മാറ്റമുണ്ടാകുന്നതല്ല.

II. നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തസ്തികകൾ ഓപ്റ്റ് ചെയ്യുന്നതിന് ഒറ്റത്തവണ മാത്രമാണ് അവസരം അനുവദിക്കുന്നത് എന്നതിനാൽ ആയതിനുള്ള അപേക്ഷ സമർപ്പിച്ചശേഷം പുതിയ തസ്തികകൾ കൂട്ടിച്ചേർക്കുന്നതിനോ തിരഞ്ഞെടുത്ത തസ്തികകൾ ഒഴിവാക്കുന്നതിനോ അവസരം ഉണ്ടായിരിക്കുന്നതല്ല. അതിനാൽ അപേക്ഷ സമർപ്പിക്കുന്നതിനുമുമ്പ് തിരഞ്ഞെടുത്ത തസ്തികകൾ അപേക്ഷകർ ശ്രദ്ധാപൂർവം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

III. ഓരോ തസ്തികയ്ക്കും നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. ആവശ്യമായ സർട്ടിഫിക്കറ്റുകൾ സഹിതമല്ലാത്ത അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

IV. നിയമനാനുമതി നൽകിയിട്ടുള്ളതോ അർഹത നിർണ്ണയിക്കുന്നത് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതോ ആയ കേസുകളിൽ നിയമനം ലഭിക്കാതെ ശേഷിക്കുന്ന അപേക്ഷകരിൽനിന്ന് അപേക്ഷകൾ മേൽ പരാമർശിച്ച പ്രകാരം തസ്തിക ഓപ്റ്റ് ചെയ്ത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് അതത് ഭരണവകുപ്പുകൾ അവരുടെ കീഴിലുള്ള വകുപ്പുകൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

V. ഭരണവകുപ്പുകൾ ലഭിക്കുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ച് അപേക്ഷകൻ ഓപ്റ്റ് ചെയ്തിട്ടുള്ള ഓരോ തസ്തികയിലേക്കുമുള്ള അർഹത നിർണ്ണയിക്കേണ്ടതും അതിന്റെ വിശദാംശങ്ങൾ നിശ്ചിത 'പ്രൊഫോർമ'-യിൽ പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന് കൈമാറേണ്ടതുമാണ്.(പ്രൊഫോർമയുടെ മാതൃക അനുബന്ധം ആയി ചേർക്കുന്നു).

VI. ഭരണവകുപ്പുകൾ തയ്യാറാക്കുന്ന 'പ്രൊഫോർമ'-യിലെ ആറാമത്തെ കോളത്തിൽ അർഹത നിർണ്ണയിച്ച തീയതിയായി, പുതുതായി സമർപ്പിച്ച ഓപ്ഷൻ ഭരണവകുപ്പ് ശിപാർശ ചെയ്ത തീയതി രേഖപ്പെടുത്തേണ്ടതാണ്.

VII. ഒരേ തസ്തികയിലേക്ക് ഒന്നിലധികം അപേക്ഷകർ ഓപ്ഷൻ സമർപ്പിക്കുന്ന പക്ഷം, അവർ വിദ്യാഭ്യാസ യോഗ്യത ആർജ്ജിച്ച സമയപരിധി കണക്കിലെടുക്കാതെ, ആശ്രിത നിയമനത്തിനായി സമർപ്പിച്ച ആദ്യത്തെ വാലിഡ് അപേക്ഷാ തീയതി അടിസ്ഥാനമാക്കി പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് സീനിയോറിറ്റി നിർണ്ണയിക്കേണ്ടതാണ്.

VIII. ഈ ഒറ്റത്തവണ അവസരം പ്രയോജനപ്പെടുത്തി അപേക്ഷകർ സമർപ്പിക്കുന്ന ഓപ്ഷന്റെ അടിസ്ഥാനത്തിൽ 'പ്രൊഫോർമ' തയ്യാറാക്കി പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന് കൈമാറുന്നതിന് ഈ ഉത്തരവിന്റെ തീയതി മുതൽ നാല് മാസം വരെ ഭരണവകുപ്പുകൾക്ക്

സമയം അനുവദിക്കുന്നു. നിശ്ചിത സമയപരിധി കർശനമായി പാലിക്കേണ്ടതാണ്.

IX. ഭരണവകുപ്പുകൾ ലഭ്യമാക്കുന്ന 'പ്രൊഫോർമ'-യുടെ അടിസ്ഥാനത്തിൽ ഓരോ തസ്തികയിലേക്കുമുള്ള സീനിയോറിറ്റി ലിസ്റ്റ് പൊതുഭരണ (സർവീസസ്-ഡി) വകുപ്പ് അപ്ഡേറ്റ് ചെയ്യേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

4) എല്ലാ ഭരണവകുപ്പുകളും വകുപ്പ് മേധാവികളും നിയമനാധികാരികളും മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതും ഉത്തരവിൽ പരാമർശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ എല്ലാ അപേക്ഷകളും പൊതുഭരണ (സർവീസസ്-ഡി) വകുപ്പിന് കൈമാറുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്കും, എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖക്കത്ത് സഹിതം).
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖക്കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖക്കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം/തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം).
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വിപുലമായ പ്രചാരണത്തിന്).
വെബ് & ന്യൂ മീഡിയ (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (വകുപ്പിന്റെ www.pard.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Digitally signed by Sivakumar. G
Date: 14-09-2026 10:51:18

സെക്ഷൻ ഓഫീസർ

പ്രൊഫോർമ

..... വകുപ്പ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം - തസ്തികകൾ ഓപ്റ്റ് ചെയ്യുന്നതിന് ഒറ്റത്തവണ അവസരം - അർഹത നിശ്ചയിച്ച അപേക്ഷയുടെ വിശദാംശങ്ങൾ.

1	ഭരണവകുപ്പിന്റെ ഫയൽ നമ്പർ	
2	i) അപേക്ഷകന്റെ പേരും മേൽ വിലാസവും	
	ii) ജനന തീയതി	
	iii) ജനിച്ച ജില്ല/ ഓപ്ഷൻ നൽകിയ ജില്ല.	
3	ഹെഡ് ക്വാർട്ടർ ഒഴിവ് ഓപ്റ്റ് ചെയ്യുന്നുണ്ടോ ?	
4	വാലിഡ് ആപ്ലിക്കേഷൻ തീയതി	
5	ഒറ്റത്തവണ അവസരം വിനിയോഗിച്ചുകൊണ്ട് തസ്തികകൾ ഓപ്റ്റ് ചെയ്ത് അപേക്ഷ സമർപ്പിച്ച തീയതി	
6	തസ്തികയിലേക്കുള്ള അർഹത നിശ്ചയിച്ച തീയതി	
7	നിയമനത്തിന് അർഹതപ്പെട്ട തസ്തികകൾ	1. 2. 3.

		4. 5.
8	മരണപ്പെട്ട ജീവനക്കാരന്റെ പേരും അവസാനം ജോലി ചെയ്തിരുന്ന തസ്തികയും ഔദ്യോഗിക വിലാസവും	
9	ജീവനക്കാരൻ മരണപ്പെട്ട തീയതി	

ഒപ്പ് :

പേര് :

തസ്തിക :

തീയതി :

To

പൊതു ഭരണ (സർവീസസ് ഡി) വകുപ്പ്